**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5795 | 25.05.2017 ൽ മറുപടിക്ക്

## കാഡ്കോ വഴി പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാഡ്കോ വഴി എല്ലാവിധ വസ്ത്രങ്ങൾ തയ്ക്കുവാനും എംബ്രോയിഡറി ചെയ്യുവാനും ഉൾപ്പെടെ പരിശീലനം നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ (കാഡ്കോ) വഴി എല്ലാവിധ വസ്ത്രങ്ങൾ തയ്ക്കുവാനും എംബ്രോയിഡറി ചെയ്യുവാനും ഉൾപ്പെടെ പരിശീലനം നൽകുന്നതിന് 'വസ്ത്രഗ്രാമം' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നു. സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സർക്കാർ ധനസഹായത്തോടെ കാഡ്കോ നടത്തി വരുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി തിരുവനന്തപുരം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 60 വനിതകളെ തെരഞ്ഞെടുത്ത് വിവിധതരം വസ്ത്രങ്ങൾ തയ്ക്കുന്നതിനും വസ്ത്രങ്ങളിൽ മൂല്യവർദ്ധനവ് (ഓർണമെന്റേഷൻ) നടത്തുന്നതിനും, ഹോസ്പിറ്റൽ വെയർ മാനുഫാക്ചറിംഗ്, ചുരിദാർ നിർമ്മാണം, ഡിസ്പോസിബിൾ നാനോ വസ്ത്ര നിർമ്മാണം എന്നിവയിലും പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർ രൂപീകരിക്കുന്ന വനിതാ വ്യവസായ സഹകരണ സംഘങ്ങൾ തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ രൂപീകരിച്ചുകഴിഞ്ഞു. ഈ സംഘങ്ങളുടെ പൊതുസേവന കേന്ദ്രങ്ങൾക്കാവശ്യമായ മെഷിനറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വനിതാ വ്യവസായ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) കേരളത്തിലെ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻസ് കുടുംബങ്ങളിലെ സ്ത്രീകൾക്ക് ടെക്സ്റ്റയിൽ മേഖലയിലെ വിപുലമായ തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തി ആർട്ടിസാൻ കുടുംബങ്ങളെ സ്വയം പര്യാപ്തമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടത്തിപ്പിനുള്ള ധനാഗമ മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പദ്ധതി നടത്തിപ്പിനായി 2015-16 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപ ധനസഹായമായി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷന് സർക്കാർ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥന വഴി കണ്ടെത്തുന്നകാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ